# موضوع الخطبة: عشر حكم من شهر رمضان

## إعداد: ماجد بن سليمان الرسي

# വിഷയം: റമദാന് മാസം - പത്ത് യുക്തികൾ

## തയ്യാറാക്കിയത്: മാജിദ് ബിൻ സുലൈമാൻ അർ റസ്സി

مترجمة إلى اللغة المليبارية

ترجمها: سلسبيل بن عبد العزيز
طالب جامعة الملك خالد بأبها
sabeelsal43@gmail.com

## ഒന്നാമത്തെ ഖുത്ബ

**മുസ്ലിമീങ്ങളേ ,**

**തഖ്‌വയുടെ കാര്യത്തിൽ ഞാൻ സ്വന്തത്തെയും നിങ്ങളെയും ഉപദേശിക്കുന്നു. മുൻഗാമികൾക്കും പിൻഗാമികൾക്കുമുള്ള അല്ലാഹുവിന്റെ ഉപദേശമാകുന്നു അത്.**

**അല്ലാഹു تعالى പറഞ്ഞു:**

**{وَلَقَدْ وَصَّيْنَا ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ مِن قَبْلِكُمْ وَإِيَّاكُمْ أَنِ ٱتَّقُوا۟ ٱللَّهَ}**

**നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക എന്ന് നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരോടും, നിങ്ങളോടും നാം വസ്വിയ്യത്ത് ചെയ്തിരിക്കുന്നു.**

**അല്ലാഹുവിന് തഖ്‌വയുള്ളവരാവുകയും അവനെ ഭയപ്പെടുകയും ചെയ്യുക, അവനെ അനുസരിക്കുക ധിക്കരിക്കാതിരിക്കുക. അറിയുക, അല്ലാഹുവിന്റെ അപാരമായ കാരുണ്യത്തിൽ പെട്ടതാകുന്നു അവൻ തന്റെ അടിമകൾക്ക് വേണ്ടി നന്മകളുടെ പ്രേത്യേക ദിനങ്ങൾ ഒരുക്കിയിരിക്കുന്നു എന്നുള്ളത്. സൽകർമങ്ങൾ ആ ദിനങ്ങളിൽ ഇരട്ടിയാക്കപ്പെടുന്നു, പാപങ്ങൾ പൊറുക്കപ്പെടുന്നു, വിശ്വാസിയുടെ സ്വർഗ്ഗത്തിലെ പദവികൾ ഉയർത്തപ്പെടുന്നു, ഇതെല്ലാം അല്ലാഹുവിന്റെ മഹത്തായ യുക്തിയിൽ പെട്ടതാകുന്നു. കാരണം, അല്ലാഹു تعالى അവന്റെ**

കല്പനകളിലും പ്രവർത്തനങ്ങളിലും വിധിനിർണയത്തിലുമെല്ലാം ഏറെ യുക്തിയുള്ളവൻ ആകുന്നു.

അല്ലാഹുവിന്റെ അടിമകളെ,

യുക്തിപൂർണ്ണമായ അല്ലാഹുവിന്റെ കല്പനകളിൽ പെട്ടതാകുന്നു അവൻ തന്റെ അടിമകൾക്ക് റമദാൻ മാസം നിശ്ചയിച്ചു നൽകിയിരിക്കുന്നു എന്നുള്ളത്. ആ ദിനങ്ങളിലാകുന്നു സൂര്യോദയം മുതൽ അസ്തമയം വരെ അന്നപാനീയങ്ങളിൽ നിന്നും ഭാര്യമാരുമായുള്ള ശാരീരിക ബന്ധത്തിൽ നിന്നും മുസ്ലിം അവനെ തടഞ്ഞു വെക്കുന്നത്.

യുക്തിപൂർണ്ണമായ നേട്ടങ്ങൾക്ക് വേണ്ടിയാണ് അല്ലാഹു تعالى ഈ ദിനങ്ങളിലെ നോമ്പ് നിയമമാക്കിയിട്ടുള്ളത്. അവയിൽ ഏറ്റവും പ്രധാനമായത് തഖ്‌വ നേടിയെടുക്കുക എന്നതാകുന്നു.

അല്ലാഹു പറഞ്ഞു:

{ يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُونَ }

സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ തഖ്‌വയുള്ളവരാകുവാൻ വേണ്ടിയത്രെ അത്.

നോമ്പ് നിയമമാക്കിയതിന് പിന്നിലുള്ള യുക്തി തഖ്‌വയുടെ സാക്ഷാത്കാരം ആണെന്ന് ഈ ആയത്തിൽ നിന്നും വ്യക്തമാണ്. തഖ്‌വ എന്ന് വെച്ചാൽ:

അല്ലാഹു കൽപിച്ച കാര്യങ്ങൾ പ്രവർത്തിച്ച്കൊണ്ടും അവൻ വിലക്കിയ കാര്യങ്ങൾ വെടിഞ്ഞു കൊണ്ടും അടിമ അവന്റെയും അല്ലാഹുവിന്റെ ശിക്ഷിക്കുമിടയിൽ രക്ഷാകവചം സ്വീകരിക്കുക എന്നതാണ്.

1- നോമ്പ് നിയമമാക്കിയതിന് പിന്നിലുള്ള യുക്തിയിൽ പെട്ടതാണ് അത് അനുഗ്രഹങ്ങൾക്കുള്ള നന്ദിയിലേക്കുള്ള പാതയാണ് എന്നത്. അന്നപാനീയങ്ങളിൽ നിന്നും ലൈംഗീക ബന്ധത്തിൽ നിന്നും സ്വന്തത്തെ തടഞ്ഞു വെക്കുക എന്നതാണല്ലോ നോമ്പ്, ഈ പറയപ്പെട്ട മൂന്ന് കാര്യങ്ങളാകട്ടെ അനുഗ്രഹങ്ങളുടെ കൂട്ടത്തിൽ തന്നെ ഏറ്റവും മഹത്തരമായ അനുഗ്രഹങ്ങളാണ്. ചെറിയ നേരത്തേക്ക് ഈ കാര്യങ്ങളിൽ നിന്നും തടഞ്ഞു വെക്കപ്പെട്ടവനെ സംബന്ധിച്ച് അവന് അവയുടെ മൂല്യം തിരിച്ചറിയാൻ സാധിക്കും. കാരണം അനുഗ്രഹങ്ങൾ മറക്കപ്പെടുന്നവയാണ്, അവ നഷ്ടപ്പെട്ടതിന് ശേഷമാണ് അവയെ കുറിച്ചും അവയുടെ മൂല്യങ്ങളെ കുറിച്ചുമുള്ള തിരിച്ചറിവ് ഉണ്ടാവുക. അങ്ങനെ നോമ്പ് അല്ലാഹുവിനുള്ള അകമഴിഞ്ഞ ശുക്രിലേക്ക് അവനെ നയിക്കുന്നു.

2- നോമ്പിന് പിന്നിലുള്ള യുക്തിയിൽ പെട്ടതാണ് ഹറാമുകൾ വെടിയാൻ അവ സഹായിക്കും എന്നത്. കാരണം, നഫ്സിന്റെ ആഗ്രഹങ്ങൾക്കുള്ള തടയാണ് നോമ്പ് എന്നുള്ളത്, അങ്ങനെ അവയിൽ നിന്നും വിട്ടുനിൽക്കവേ അവൻ സത്യത്തോട് വിനയമുള്ളവനും സഹജീവികൾക്ക് നൈർമല്ല്യമുള്ളവനുമാകുന്നു. എന്നാൽ എപ്പോഴും വയറുനിറഞ്ഞവനായിരിക്കുക എന്നതും

**നിരന്തരമുള്ള ലൈംഗീകബന്ധങ്ങളും അവനെ നന്ദികേടിലേക്കും അഹങ്കാരത്തിലേക്കുമാണ് എത്തിക്കുക.**

**3- അതുപോലെ തന്നെ നോമ്പിന് പിന്നിലുള്ള യുക്തിയിൽ പെട്ടതാണ്, അവ നഫ്സിന്റെ ദേഹേച്ചകളെ നിയന്ത്രിക്കാൻ നമ്മെ സഹായിക്കും എന്നത്. കാരണം വയറുനിറഞ്ഞ അവസ്ഥയിൽ ശരീരം ഹറാമുകളെ ആഗ്രഹിക്കും, പക്ഷെ വിശപ്പ് അതിന്റെ ആഗ്രഹങ്ങളെ തൊട്ട് തടയും. അതുകൊണ്ടാണ് നബി ﷺ പറഞ്ഞത്:**

**"ഓ യുവാക്കളെ, ആർക്കാണോ കഴിവ് വന്നെത്തിയത് അവൻ വിവാഹം ചെയ്തുകൊള്ളട്ടെ. കാരണം, അവന്റെ കണ്ണിനെ വിലക്കപ്പെട്ടതിൽ നിന്ന് അടച്ചു പിടിക്കുവാനും ഗുഹ്യാവയവത്തെ സംരക്ഷിക്കുവാനും അത് സഹായിക്കുന്നതാണ്. ആർക്കാണോ വിവാഹം സാധിക്കാത്തത് അവൻ നോമ്പ് നോറ്റുകൊള്ളട്ടെ, അത് അവന് ഒരു വിജാഅ ആകുന്നു ."[1]**

**വിജാഅ എന്നു വെച്ചാൽ ദേഹേച്ചകളിൽ നിന്നുള്ള സുരക്ഷ എന്നതാണ്.**

**4- നോമ്പ് നിയമമാക്കിയതിന് പിന്നിലുള്ള യുക്തിയിൽ പെട്ടതാണ്, ദാരിദ്ര്യരോട് കാരുണ്യം ചെയ്യാൻ നമ്മെ പ്രേരിപ്പിക്കും എന്നുള്ളത്. അല്പ സമയം വിശപ്പ് അനുഭവിച്ച നോമ്പുകാരൻ, അധിക സമയവും ഈ വിശപ്പ് അനുഭവിക്കുന്ന പട്ടിണിപ്പാവങ്ങളെ ഓർക്കും, അങ്ങനെ അവർക്ക് വേണ്ടത് ചെയ്ത് നൽകാൻ ധൃതി**

[1] رواه البخاري (5065) عن ابن مسعود رضي الله عنه.

**കാണിക്കുകയും അവരോട് ഏറെ അനുകമ്പയോട് കൂടി വർത്തിക്കുകയും ചെയ്യും. സമൂഹത്തിൽ പരസ്പരമുള്ള കാരുണ്യത്തിനും അനുകമ്പക്കും നോമ്പ് അങ്ങനെ കാരണമായിത്തീരുന്നു.**

**5- അതുപോലെ തന്നെ നോമ്പിന് പിന്നിലുള്ള യുക്തിയാണ് അതിലൂടെ ശൈത്താൻ ദുർബലപ്പെടുന്നു എന്നത്. അവന്റെ വസ്വാസുകൾ ദുർബലപ്പെടും. അങ്ങനെ പാപങ്ങൾ കുറയും. എങ്ങനെയെന്നു വെച്ചാൽ നബി ﷺ പറഞ്ഞതുപോലെ;**

**ശൈത്താൻ മനുഷ്യന്റെ രക്തമോടും സ്ഥലങ്ങളിലൂടെ സഞ്ചരിക്കുന്നതാണ്.[2]**

**നോമ്പിലൂടെ അവന്റെ സഞ്ചാരം ഇടുങ്ങും, സ്വാധീനം കുറയും, അതു മുഖേന ഹൃദയങ്ങൾ നന്മകൾ പ്രവർത്തിക്കുന്നതിലേക്കും തിന്മകൾ വെടിയുന്നതിലേക്കും മുൻകടക്കും.**

**6- നോമ്പിന് പിന്നിലുള്ള യുക്തിയിൽ പെട്ടതാണ് അവ അല്ലാഹുവിനെ കുറിച്ചുള്ള ഓർമയിൽ നഫ്സിനെ പരിശീലിപ്പിച്ചെടുക്കും എന്നത്. ആഗ്രഹമനുസരിച്ച് വിലക്കപ്പെട്ടവ ചെയ്യാൻ കഴിവുണ്ടായിരിക്കെ തന്നെ അവൻ അതിൽ നിന്നും മാറിനിൽക്കുന്നു, അല്ലാഹു تعالى തന്നെ സദാ നിരീക്ഷിച്ചു കൊണ്ടിരിക്കുന്നുണ്ട് എന്ന ഒരൊറ്റ ബോധത്താൽ.**

2 رواه البخاري (2039) ومسلم (2175) عن صفية رضي الله عنها.

**7- നോമ്പ് നിയമമാക്കിയതിന് പിന്നിലുള്ള യുക്തിയിൽ പെട്ടതാണ് സൽകർമങ്ങൾ അധികരിപ്പിക്കാൻ വിശ്വാസിയെ പരിശീലിപ്പിക്കുന്നു എന്നത്. നോമ്പുകാർ ഭൂരിപക്ഷവും സൽകർമങ്ങൾ അധികാരപ്പിക്കുന്നവർ ആയിരിക്കും. നിസ്കാരവും ഖുർആൻ പാരായണവും ദിക്റുകളും പോലെയുള്ളതെല്ലാം റമദാനിലും അല്ലാതെയും അവൻ ചര്യയായി മാറും.**

**8- നോമ്പിന് പിന്നിലുള്ള യുക്തിയിൽ പെട്ടതാണ് ദേഹേച്ഛയോടും ദുനിയാവിനോടുമുള്ള വിരക്തിയിലും, അല്ലാഹുവിന്റെ അടുക്കലുളളതിനോടുളള ആശയിലും അത് നമ്മെ പ്രേരിപ്പിക്കും എന്നുള്ളത്.**

**9- നോമ്പിന് പിന്നിലുള്ള യുക്തിയിൽ പെട്ടതാണ് ലോകമെമ്പാടും അല്ലാഹുവിന് വേണ്ടിയുള്ള ആരാധനകൾ പ്രകടമാകുന്നു എന്നത്. ലോകത്ത് ആകമാനമുള്ള മുസ്ലിമീങ്ങളും ഈ മാസത്തെ നോമ്പ് നോൽക്കുന്നതിൽ ഒരുമിക്കുന്നതായി നിനക്ക് കാണാൻ സാധിക്കും. എത്രത്തോളം എന്ന് വെച്ചാൽ, നോമ്പ് നോറ്റിട്ടില്ലാത്ത ഒരു പാപിക്ക് പോലും അവന് ഭക്ഷിക്കുന്നതും കുടിക്കുന്നതുമൊന്നും പരസ്യമായി ചെയ്യാൻ സാധിക്കുകയില്ല. മുസ്ലിമീങ്ങളോടുള്ള ബഹുമാനസൂചകമായി ഒരു അവിശ്വാസി പോലും അത് പരസ്യമാക്കുകയില്ല. ഇതെല്ലാം മഹത്തായ ഈ ഇബാദത്തിന്റെ പ്രകടതയേയും പ്രതാപത്തേയും കാണിക്കുന്നതാണ് എന്നതിൽ യാതൊരു സംശയവുമില്ല.**

**10- ഇതൊന്നും കൂടാതെ തന്നെ ശാരീരികമായ അനേകം നേട്ടങ്ങളും സാധ്യമാകുന്നു. ഹൃദയമിടുപ്പിനെ ശരിയായ ക്രമത്തിലേക്ക് എത്തിക്കാൻ സഹായിക്കുന്നു, അപകടകാരികളായ കൊഴുപ്പിൽ നിന്നും മറ്റു പദാർത്തങ്ങളിൽ നിന്നെല്ലാം രക്തത്തെ ശുദ്ധീകരിക്കുന്നു, ആമാശയത്തിന് സാവധാനവും ആശ്വാസവും നൽകുന്നു, അതുപോലെ തന്നെ അമിതഭാരതത്തിൽ നിന്നും സംരക്ഷിക്കുന്നു, രക്തത്തിൽ അടങ്ങിയിരിക്കുന്ന പഞ്ചസാരയുടെ അളവ് ക്രമീകരിക്കാനെല്ലാം വ്യതത്തിലൂടെ സാധ്യമാകുന്നു.**

**നോമ്പ് നിയമമാക്കിയതിന് പിന്നിലുള്ള അല്ലാഹുവിന്റെ അപാരമായ പത്ത് യുക്തികൾ ആകുന്നു ഇവ.**

**നമ്മുക്ക് വേണ്ടിയുള്ള നിയമസംഹിത തന്റെ മഹത്തരമായ യുക്തിയാൽ യുക്തിപൂർണ്ണമാക്കിയ അല്ലാഹുവിനാകുന്നു സർവ്വ സ്തുതികളും.**

**അല്ലാഹു തൃപ്തിപ്പെടുന്ന രൂപേണ റമദാനിലെ നോമ്പുകൾ നോൽക്കാൻ അവനോട് നാം തൗഫീഖിനെ ചോദിക്കുന്നു. അവനെ സ്മരിക്കുവാനും നന്ദി ചെയ്യുവാനും സൽകർമ്മങ്ങൾ ചെയ്യുവാനും അവനോട് സഹായവും ചോദിക്കുന്നു.**

**രണ്ടാമത്തെ ഖുത്ബ**

**الحمد لله وكفى، وسلام على عباده الذين اصطفى،**

**അറിയുക സഹോദരങ്ങളെ**
**നബി യുടെ ചര്യയിൽ പെട്ടതാകുന്നു മാസപ്പിറവി കണ്ടുകഴിഞ്ഞാൽ അവിടുന്ന് ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു എന്നത്**

**അല്ലാഹുവേ! നീ ഈ ചന്ദ്രനെ ഞങ്ങളുടെ മീതെ ഉദിപ്പിക്കുന്നത് ഈമാനും അഭിവൃദ്ധിയും ഇസ്ലാമും സമാധാനവും കൊണ്ടാക്കേണമേ. എന്റെയും നിന്റെയും (ചന്ദ്രൻ) റബ്ബ് അല്ലാഹുവാകുന്നു.**[3]

**ഈ പ്രാർത്ഥന റമദാനിലും അല്ലാതെയുള്ള മാസങ്ങളുടെ പിറവികളിലും നബി ﷺ പ്രാർത്ഥിക്കാറുണ്ടായിരുന്നു . പ്രേത്യേകിച്ചും സൽകർമ്മങ്ങൾ പ്രവർത്തിക്കാനുള്ള സഹായതേട്ടം ഈ ദുആഇൽ ഉണ്ട് എന്നിരിക്കെ നാം നിർബന്ധമായും ചെയ്യേണ്ട പ്രാർത്ഥന ആണിത്.**

**അല്ലാഹുവിന്റെ അടിമകളെ,**
**ആർക്കാണോ അല്ലാഹു ഈ മാസം തന്നിലേക്ക് നൽകി അനുഗ്രഹിച്ചത്, അവൻ മനസ്സിലാക്കേണ്ടത് ഇത് അല്ലാഹു വൃഥാ അവനിലേക്ക് നൽകിയതല്ല. പകരം ഇതൊരു പരീക്ഷണമാണ്. ആരാണ് ഈ മാസത്തിലെ താൽപര്യങ്ങൾ അനുസരിച്ച് നോമ്പിലും നിസ്കാരത്തിലും നേരായ രീതിയിൽ തന്റെ നഫ്സിനെ ഉറപ്പിച്ച് നിർത്തിയും പ്രവർത്തിക്കുന്നത് എന്നും, അതല്ലാതെയുള്ളവൻ ആരാണ് എന്നും പരീക്ഷിച്ചറിയുവാൻ വേണ്ടിയാണ്. അതുകൊണ്ട്**

---
[3] رواه أحمد (1/162) من حديث طلحة بن عبيد الله رضي الله عنه، وحسنه محققو «المسند» برقم (1397) بشواهده.

**സൽക്കർമങ്ങളിൽ കഠിനമായി പ്രയത്നിക്കുക. ഏതാനും ചില എണ്ണപ്പെട്ട ദിനങ്ങൾ മാത്രമാകുന്നു ഇവ, പിന്നീടങ്ങനെ റമദാൻ അവസാനിക്കും.**

**വഴിമധ്യേയുള്ള കൊള്ളക്കാരെ നിങ്ങൾ കരുതിയിരിക്കുക, ദേഹേച്ഛകളുടെ വക്താക്കളും മനുഷ്യരിൽ പെട്ട ശൈത്താനുമാരും ആകുന്നു അവർ. പവിത്രമായ റമദാനിൽ പോലും ശെരിയായ വഴിയിൽ നിന്ന് തെറ്റിക്കുന്ന പരിപാടികളും സീരിയലുകളും ആയി അവർ ജനങ്ങളെ അല്ലാഹുവിന്റെ മാർഗത്തിൽ നിന്നും തടയാൻ കഠിനമായി പണിയെടുത്തുകൊണ്ടിരിക്കുന്നു.**

**നമ്മുടെ മുൻഗാമികൾ റമദാനിൽ കൂടുതൽ നിസ്കാരത്തിനും ദിക്റിനും ഖുർആൻ പാരായണത്തിനും വേണ്ടിയെല്ലാം ഒഴിഞ്ഞിരിക്കുവാൻ വേണ്ടി അവരുടെ അധ്യാപന സദസ്സുകൾ പോലും നിർത്തിവെക്കാറുണ്ടായിടുന്നു. അങ്ങനെയെങ്കിൽ ഈ ദിനങ്ങളിൽ പോലും കളിയിലും വിനോദങ്ങളിലും ആയി സമയം നശിപ്പിച്ച് കളയുന്നവന്റെ അവസ്ഥയെന്താണ്?!**

**നിങ്ങളറിയുക,**

**അല്ലാഹു تعالى നിങ്ങളോട് മഹത്തായ ഒരു കാര്യം കല്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു:**

**{إِنَّ ٱللَّهَ وَمَلَٰٓئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِيِّ ۚ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ صَلُّوا۟ عَلَيْهِ وَسَلِّمُوا۟ تَسْلِيمًا}**

**തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. ഓ വിശ്വസിച്ചവരേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.**

**തയ്യാറാക്കിയത് : മാജിദ് ബ്നു സുലൈമാൻ അർറസ്സി .**

**ഹി. 1442 ശഅബാൻ 27 .**

**ജുബൈൽ, സുഊദി അറേബിയ .**

**വാട്സ്ആപ്പ്: 00966505906761**